മർപ്പണം. അമ്മാമൻ പക്ഷേ, ആലോചനയുടെ കളങ്ങൾ കയറി അറിവി

സ്സവുമല്ല. അമ്മാമനു കാണാനില്ലല്ലോ. [illegible]



പ്രതികരണം

എഴുത്തച്ഛൻ നായരല്ല

തുഞ്ചത്തെഴുത്തച്ഛനെ നായരാക്കുന്നതിനു ടി.പി.സുധാകരൻ (വാരാന്ത്പ്പതിപ്പ്, നവം. 23) ഉദ്ധരിച്ച 'ശൂദ്രനു ഭാഗിനേയൻ പിണ്ഡകർത്താവായത്' എന്ന പാദത്തിന് (ഭാരതം കിളിപ്പാട്ട് ശാന്തിപർവം) തൊട്ടടുത്ത വരികൾ തന്നെ തുഞ്ചത്തെഴുത്തച്ഛൻ നായരല്ല എന്നതിന് ഏറ്റവും നല്ല തെളിവുകളാണ്. കുറിപ്പിൽ ബോധപൂർവം വിട്ടുകളഞ്ഞ വരികൾ താഴെ ചേർക്കുന്നു.

''...അക്ഷരാനഭിജ്ഞത്വം മൂഢത്വവും-
അക്ഷരവ്യക്തി വിഹീനാലാപനങ്ങളുമെല്ലാം-
ശൂദ്രധർമങ്ങളെന്നുധരിക്ക, യുധിഷ്ഠിര-
ശൂദ്രന്നു ഭാഗിനേയൻ പിണ്ഡകർത്താവായതു.
ശൂദ്രനു ഗതിവരുത്തീടുവാനെളുതല്ല.
സ്ത്രീധർമം മിക്കവാറും ശൂദ്രധർമത്തെപ്പോലെ
ഭേദവും പെരികെയില്ലറിക യുധിഷ്ഠിരാ...''

(ആരണർ=ബ്രാഹ്മണർ. അനഭിജ്ഞൻ=വിവരമില്ലാത്തവൻ, പരിചയമില്ലാത്തവൻ.)

'ദായ'ക്രമം കൊണ്ടുമാത്രം ജാതി നിശ്ചയിക്കാനാകുമോ? കേരളത്തിൽ തിയ്യന്മാരുടെ ഇടയിൽ, മുസ്‌ലിമുകളുടെ ഇടയിൽ, മറ്റുപല ജാതിക്കാരുടെ ഇടയിൽ മരുമക്കത്തായമുണ്ട്. എഴുത്തച്ഛൻ സമുദായത്തിൽ പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിൽ (പെരുവെമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ) മരുമക്കത്തായ സമ്പ്രദായമുണ്ട്.

1428-ൽ ദക്ഷിണ ദേശത്തുനിന്ന് കേരളക്കരയിലേക്ക് കുടിയേറിയ എഴുത്തച്ഛൻ സമുദായം ദക്ഷിണ ദേശത്തിലെ പ്രമുഖ സാംസ്കാരിക കേന്ദ്രങ്ങളുമായി അഭേദ്യമായ ബന്ധമുള്ളവരായിരുന്നു. ബൗദ്ധ-ജൈന പശ്ചാത്തലം അവർക്കുണ്ടായിരുന്നു. ഒരു പക്ഷേ, അവർ 'പട്ടർ നടക്കാവിൽ' (തിരുനാവായയ്ക്കടുത്ത്) എത്തുന്നതിനു മുൻപേ ഹൈന്ദവരായി മാറിക്കഴിഞ്ഞിരിക്കണം. അല്ലെങ്കിൽ കേരളത്തിൽ വന്ന ഉടനെ അത് നടന്നിരിക്കും. തുഞ്ചത്തെഴുത്തച്ഛൻ സമുദായത്തിലെ മൂന്നാമത്തെയോ നാലാമത്തെയോ തലമുറയിൽപ്പെട്ട ആളായിരിക്കണം. എഴുത്തച്ഛന് ഉന്നത നിലയിലുള്ള വിദ്യഭ്യാസം ലഭിക്കാനുള്ള കാരണം സമുദായത്തിന്റെ വിദേശ ബന്ധമാണ്. ആദ്യം എട്ടുവീട്ടുകാർ ആണ് വന്നത്. പിന്നീട് അവരുമായി ബന്ധപ്പെട്ടവർ ചെറു സംഘങ്ങളായി തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലായി കുടിയേറി. കോഴിക്കോട് സാമൂതിരിയാണ് അക്ഷരശൂന്യരായിരുന്ന ശൂദ്രരെ വിദ്യ അഭ്യസിപ്പിക്കുക എന്ന കുലത്തൊഴിലും എഴുത്തച്ഛൻ എന്ന ജാതിപ്പേരും നല്കിയത്. അവർ വന്ന സ്ഥലത്തെ ച്ചൊല്ലി 'കടുപട്ടർ' എന്ന പേരിലും അവർ അറിയപ്പെട്ടു. ഭട്ടർ ലോപിച്ചുണ്ടായതാണ് പട്ടർ എന്നത്. പട്ടർ എന്നതിന്റെ അർഥം പണ്ഡിതനായ വിദേശി എന്നു മാത്രമാണ്. ഇവരുടെ ഉന്നതമായ സ്ഥിതിയിൽ അസൂയ തോന്നിയ മങ്ങാട്ടച്ചൻ ഗൂഢാലോചന നടത്തി ജാതിപദവി താഴ്ത്തി. അവർ മാംസഭുക്കുകളും മദ്യപാനികളുമാണെന്ന് വരുത്തിത്തീർക്കുന്നതിന് അവരുടെ വീടുകളിലെ അടുക്കള ഭാഗങ്ങളിൽ മദ്യപ്പാത്രങ്ങളും മത്സ്യമാംസാദികളുടെ അവശിഷ്ടങ്ങളും മറ്റും മങ്ങാട്ടച്ചന്റെ കിങ്കര[illegible] കൊണ്ടുവന്നു സ്ഥാപിച്ചു. ഇത് സാമൂതിരിയെ കൊണ്ടുവന്ന് കാണിച്ച് എഴുത്തച്ഛന്മാർ താണ വർഗക്കാരാണെന്ന് കൃത്രിമമായി സ്ഥാപിച്ചു. അങ്ങനെയാണ് എഴുത്തച്ഛൻ ജാതിയിൽ താഴ്ന്നവനായത്. ഇത് നടന്നത് തുഞ്ചത്തെഴുത്തച്ഛന്റെ കാലത്തോ അതിനു മുൻപോ ആണ്. എഴുത്തച്ഛൻ മദ്യപാനിയായി അറിയപ്പെടാൻ തുടങ്ങിയതും ഇതുകൊണ്ടായിരിക്കാം. എഴുത്തച്ഛന്റെ കാലത്ത് 150-ൽപ്പരം എഴുത്തച്ഛൻ കുടുംബങ്ങളേ കേരളത്തിലുണ്ടായിരിക്കാൻ ഇടയുള്ളൂ. ജാതി താഴ്ത്തപ്പെട്ടപ്പോൾ ജാതിശ്രേണിയിൽ എഴുത്തച്ഛന്റെ സ്ഥാനം നിർണയിക്കുന്നതിന് 'ചക്കാല' എന്നത് ഒരു 'റഫറൻസ്'' ജാതിയായി ഉപയോഗിച്ചിരിക്കണം. അതുകൊണ്ടായിരിക്കാം എഴുത്തച്ഛനെ സംബന്ധിച്ച് ഈ 'കൺഫ്യൂഷൻ' ഉണ്ടാകാനിടയായത്. എഴുത്തച്ഛൻ സമുദായത്തിന്റെ ജാതിപദവി ദൃഢീകരിക്കുന്നതിനുമുൻപ് ജനിച്ച ആളാണ് തുഞ്ചത്തെഴുത്തച്ഛൻ. അതുകൊണ്ടുതന്നെ അദ്ദേഹം ശൂദ്രനും അഥവാ പതിതശൂദ്രനുമായി സ്വയം വിവരിച്ചിട്ടുണ്ടാകാം. മാത്രമല്ല, ജാതിപദവി താഴ്ത്തപ്പെട്ടപ്പോൾ പലർക്കും പല തൊഴിലിലും ഏർപ്പെടേണ്ടിവന്നു. അതിൽ ഒന്നാണ് എണ്ണയാട്ടും എണ്ണവില്പനയും. (1871-ലെ മദ്രാസ് സെൻസസ് റിപ്പോർട്ട്.) ചക്കുമായി ബന്ധപ്പെട്ട ധാരാളം വീട്ടുപേരുകൾ എഴുത്തച്ഛൻ സമുദായത്തിലുണ്ട്. ചക്കാലക്കൽ, ചക്കുപറമ്പിൽ, ചക്കുവീട്ടിൽ, ചക്കേടത്ത് തുടങ്ങി. അവരെല്ലാം തുഞ്ചത്തെഴുത്തച്ഛൻ തങ്ങളുടെ വീട്ടുകാരനാണെന്ന് പറഞ്ഞാൽ ഏകദേശം രണ്ടായിരം തുഞ്ചത്തെഴുത്തച്ഛന്മാർ നമുക്കുണ്ടാകണം.

ജാതിപദവിയിലുണ്ടായ ചെറിയ 'പത

ലുള്ള 'ഫാസിസ്റ്റ്'' നോവൽ ചമയ്ക്കാൻ പുറപ്പെട്ടിരിക്കുന്നത്.

പ്രൊഫ. ടി.ബി.വിജയകുമാർ,
അഖില കേരള എഴുത്തച്ഛൻ സമാജം

നഷ്ടം ഭക്തർക്കു മാത്രം

വാരാന്ത്പ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'കൃഷ്ണ! കൃഷ്ണ! നിരൂപിച്ചു കാണുമ്പോൾ' എന്ന മോഹനചന്ദ്രന്റെ ലേഖനം വായിച്ചപ്പോൾ തോന്നിയ ചിന്തകളാണിവിടെ. ജനനം രജിസ്റ്റർ ചെയ്യുന്നതു മുതൽ മരണം രജിസ്റ്റർ ചെയ്യുന്നതുവരെ ജീവിതത്തിന്റെ സകല മേഖലകളിലും ജാതിമതങ്ങളുടെ പേരിലുള്ള വിവേചനം ദൃശ്യമാണ്. സാമാന്യ വിദ്യാഭ്യാസം, ഉപരിപഠനം, ഉദ്യോഗം, ഉദ്യോഗക്കയറ്റം, സർക്കാറിൽനിന്നുള്ള ധനസഹായങ്ങൾ, സ്വത്തവകാശം, വിവാഹം, സന്താനങ്ങളുടെ വിദ്യാഭ്യാസം, ഉത്സവങ്ങൾ, വിശേഷദിവസങ്ങൾ, തീർഥയാത്രകൾ, ദേവാലയങ്ങളുടെ ഭരണം എന്നുവേണ്ട സകല കാര്യങ്ങളിലും ജാതിമതങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ വ്യക്തിയോടും ഓരോ കാര്യത്തോടുമുള്ള സമീപനം. ഇതു നിയമത്തിന്റെ പൂർണ പിന്തുണയോടെയാണുതാനും. ഒരു വ്യക്തിയുടെ ജാതിയും മതവും ഏതെന്നു തീരുമാനിക്കാനും നിയമമുണ്ട്, മാനസികമായി ആ വ്യക്തി അവയെല്ലാമുപരിയാണെങ്കിലും. ഇത്തരം നിയമങ്ങൾകൊണ്ട് വ്യക്തികൾക്കു മാത്രമല്ല രാഷ്ട്രത്തിനുതന്നെ കനത്ത നഷ്ടമാണ് സംഭവിക്കുന്നത്. ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഭാരതത്തിന്റെ പ്രശസ്തി വാനോളം ഉയർത്തിപ്പിടിക്കാൻ കെൽപ്പുള്ള പ്രതിഭാശാലികൾ ഭാരതം വിട്ട് വിദേശങ്ങളിൽ പോയി ചേക്കേറുന്നത് അവരർഹിക്കുന്നതൊന്നും സ്വന്തം നാട്ടിൽ അവർക്കു ലഭിക്കാത്തതുകൊണ്ടല്ലേ?

ഈ ക്രൂരമായ നിയമങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ കുറച്ചു ജനദ്രോഹം ചെയ്യുന്നതാണ് ചില ദേവാലയങ്ങളിൽ അന്യമതസ്ഥർക്കു പ്രവേശനമില്ല എന്ന കാര്യം. ആരെല്ലാം എന്തെല്ലാം ചെയ്താലും ഭഗവാന് അയിത്തം വരാൻ സാധ്യതയില്ല. പക്ഷേ, ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ടവർ-അതു നടത്തുന്നവരും അവിടെ ജോലി ചെയ്യുന്നവരും അവിടെ ദർശനത്തിനെത്തുന്നവരും-ചെയ്യുന്നതെല്ലാം ആ ക്ഷേത്രത്തെ ബാധിക്കുന്നുണ്ട്. അവരുടെ സത്യസന്ധതയും മനഃശുദ്ധിയുമാണ് ക്ഷേത്രത്തിന്റെ പവിത്രത നിലനിർത്തിപ്പോന്നത്. രാഷ്ട്രീയക്കാരും ബിസിനസ്സുകാരും ക്ഷേത്രകാര്യങ്ങളിൽ കൈകടത്താൻ തുടങ്ങിയശേഷം ക്ഷേത്രങ്ങളുടെ പരിശുദ്ധിക്കും ഐശ്വര്യത്തിനും മങ്ങലേറ്റിട്ടുണ്ടെന്നുള്ളത് നിഷേധിക്കാനാവാത്ത സത്യമാണ്.

ജാതികൾ നാം മറക്കേണ്ടതല്ല, ഇല്ലാതാക്കേണ്ടതാണ്. 'എല്ലാ മതക്കാർക്കും' പന്തിഭോജനം സംഘടിപ്പിക്കേണ്ട ഗതികേട് നമുക്കുണ്ടാവരുത്. ആചാരങ്ങളിലും വിശ്വാസങ്ങളിലും പല വ്യത്യാസങ്ങളും മനുഷ്യർ തമ്മിലുണ്ടാവാം. അവ വ്യക്തിപരമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടതാണ്. അവയുടെ പേരിൽ നാം പല മതക്കാരായി വിഭജിക്കപ്പെടരുത്.

[illegible] വ്യക്തിപരമായ ഒരാവശ്യത്തിനുവേണ്ടി ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ട, പ്രായേണ നിരുപദ്രവകരമായ ഒരു നിയമം മാറ്റണമെന്നാണ് ഭവിഷ്യത്തുകളെക്കുറി

ജാതിയല്ല പ്രശ്നം

'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന രചനയും പ്രതികരണങ്ങളും ശ്രദ്ധിച്ചു. അത് ഒരു നോവലാണ്. സി. രാധാകൃഷ്ണൻ കഴിവുറ്റ നോവലിസ്റ്റാണ്. ചരിത്രകാരനല്ല, തുഞ്ചത്ത് ആചാര്യനെ സംബന്ധിച്ചിടത്തോളമെങ്കിലും. ഇതിനു തെളിവ് ഈ നോവൽതന്നെയാണ്. നോവലിന്റെ പ്രവേശികയെയും അപ്രകാരംതന്നെ കാണുക. അതൊരു ചരിത്രത്തിന്റെ കിളിവാതിലെന്നു ധരിച്ചെങ്കിൽ തെറ്റി. നോവലിസ്റ്റിന്റെ വലിയമ്മാമനായി തുഞ്ചത്താചാര്യനെ മാറ്റുന്നത്, പ്രതിഷ്ഠിക്കുന്നത്, നല്ല ഭാവനയാണ്. ഒരു സുപ്രഭാതത്തിൽ തുഞ്ചത്താചാര്യൻ നോവലിൽ വികസിച്ചപോലെയുള്ള ഒരു കുടുംബത്തിന്റെ മൂലമാകുന്നില്ല, ജാതിപങ്കിലമായ ഒരു സമൂഹത്തിൽ എഴുത്തച്ഛന് തീർച്ചയായും ജാതി ഉണ്ടായിരുന്നിരിക്കും. 'കീഴ്'' ജാതിയായാലും 'മേൽ' ജാതി ആയാലും.

'തീക്കടൽ കടഞ്ഞ് തിരുമധുരം' നമുക്ക് ആസ്വദിക്കണം. നോവലായി. ചരിത്രമായല്ല. ഇപ്പോൾ മൂന്നു അവകാശികളായി (രണ്ടു പ്രതികരണങ്ങളും ഉൾപ്പെടെ) ആചാര്യന്. കൂടാം. നമുക്കു മുന്നിൽ [illegible] പറ്റിയ ബിംബം തന്നെ ആചാര്യനും. ബിംബം ഇല്ലാത്തതാണ് ഇന്നത്തെ ദുഃഖം. അതില്ലാത്തവർ അതിനുള്ള കല്പിതമായ തിരച്ചിലിലാണ്. പോറലില്ലാത്ത ബിംബം ആകുമ്പോൾ കൂടുതൽ ക്ലേശമില്ലാതെ പ്രതിഷ്ഠിക്കാം. ജനതയുടെ ഒരു വിഭാഗത്തിന്റെ മനസ്സിൽ, തുടർന്ന് രക്തത്തിൽ കടത്തിവിട്ടാൽ കൊയ്ത്താരംഭിക്കാം. ആചാര്യനെ രസീതുകുറ്റികളി[illegible]!

ആചാര്യനെ പങ്കുവെക്കുന്നതിൽ അസൂയാലുവല്ല ഞാൻ. ആർക്കുമെടുക്കാം. താലോലിക്കാം. പിച്ചിച്ചീന്താൻ ഇടവരുത്തരുത്. ചരിത്രം മാപ്പു തരില്ല എന്നത് നേരമ്പോക്കുപോലെ തോന്നാം. ആചാര്യനെ ദൈവതുല്യം സ്നേഹിക്കുന്നതുകൊണ്ടാണ് ഈ കുറിപ്പ്. കുറിമാനം എങ്ങുമെത്താൻ പച്ചപ്പൈങ്കിളിത്തത്ത പാടണം. ആരുടെയും ഈണം നിലയ്ക്കേണ്ടതുമില്ല. 'മുൻപേ പറക്കുന്ന പക്ഷിക'ളുടെ കർത്താവിന്റെയും!

വാരാന്തപ്പതിപ്പിന്റെ അടുത്ത ലക്കത്തിനു കാത്തിരിക്കുന്നു, 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവൽ വായിക്കാൻ....

പി.ആർ.വിജയകുമാർ, പാടൂക്കാട്

ഇത് ഗൂഢാലോചന

'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവൽ വായനക്കാരെ ആകർഷിക്കുന്നു എന്നതിൽ രണ്ടുപക്ഷമില്ല. എന്നാൽ, ഭാഷാപിതാവായ തുഞ്ചത്തെഴുത്തച്ഛനെ നായന്മാരുടെ നേതാവാക്കാൻ ഗൂഢാലോചന നടക്കുന്നില്ലേ എന്ന് സ്വാഭാവികമായും സംശയം തോന്നുന്നു. മരുമക്കത്തായംകൊണ്ടും സംബന്ധംകൊണ്ടും ധൂർത്തുകൊണ്ടും നശിച്ച നായർതറവാടുകൾ നമുക്കുചുറ്റും നിരവധിയാണ്. നായർ സമുദായംതന്നെ സാംസ്കാരിക ജീർണതയുടെ പര്യായമായും മാറി. 'നായർസമുദായത്തിന്റെ അധഃപതനം' പോലുള്ള ചരിത്രപുസ്തകങ്ങൾ വരെ ഇവിടെ ഉണ്ടായിട്ടുള്ളത് ഓർക്കുക. അങ്ങനെ സാംസ്കാരികമായി അധഃപതിച്ച നായർസമുദായത്തിലേക്കു തുഞ്ചത്തെഴുത്തച്ഛനെ 'ജാതിപരിവർത്തനം' ചെയ്യാനുള്ള ശ്രമം നന്നല്ല. നോവലിസ്റ്റ് സി. രാധാകൃഷ്ണനും 'മാതൃഭൂമി'യും ചേർന്ന് മനഃപൂർവം നടത്തുന്ന ഗൂഢശ്രമമല്ലേ നോവലിലൂടെയുള്ള ഈ 'നായർവത്കരണം' എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. ഒരു കാര്യം ഉറപ്പ്. അക്കാലത്തെ നായന്മാർക്ക് ഒരിക്കലും തുഞ്ചത്തെഴുത്തച്ഛന്റെയത്ര നിലവാരവും പാണ്ഡിത്യവും ഉണ്ടാവില്ല.

ജി.കെ.കൃഷ്ണനെഴുത്തച്ഛൻ, ഗാന്ധിനഗർ

ദീപസ്തംഭം മഹാശ്ചര്യം....

സി. രാധാകൃഷ്ണന്റെ നോവൽ സംബന്ധിച്ചുള്ള ചൂടുപിടിച്ച വിവാദങ്ങൾ ഉഷാറാവുന്നുണ്ട്. 'ആദിയിൽ തുഞ്ചത്തെഴുത്തച്ഛൻ നായരായിരുന്നു' എന്ന നോവലിസ്റ്റിന്റെ പരാമർശമാണല്ലോ വിവാദത്തിനു തുടക്കമിട്ടത്. അതേത്തുടർന്ന് 'എഴുത്തച്ഛൻ സ്നേഹി'കളും പ്രൊഫസർമാരുമെല്ലാം യുദ്ധസജ്ജരായി രംഗത്തുവന്നു. എഴുത്തച്ഛനെ നായരാക്കാനുള്ള ഏതു ശ്രമത്തെയും പ്രാണൻ കൊടുത്തും എതിർക്കുമെന്നുവരെ